## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 1838. 04-12-2018-ൽ മറുപടി നൽകേണ്ടിയിരുന്നത്.

### അമരവിള അസാപ്പ് സ്കിൽ പാർക്ക്

<u>ചോദ്യം</u> | <u>ഉത്തരം</u>

ശ്രീ. കെ. ആൻസലൻ.

ഡോ. കെ.ടി. ജലീൽ
ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും
വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | നെയ്യാറ്റിൻകര അമരവിളയിൽ ശിലാസ്ഥാപനം നിർവ്വഹിച്ച അസാപ്പ് സ്കിൽ പാർക്കിന്റെ പ്രവൃത്തികൾ ആരംഭിക്കുന്നതിന് നിലവിൽ എന്തു തടസ്സമാണ് ഉള്ളത് എന്ന് വ്യക്തമാക്കാമോ? | എ) | നെയ്യാറ്റിൻകര അമരവിള സ്കിൽ പാർക്ക് സ്ഥാപിക്കുവാൻ സിഡ്കോയുടെ ഉടമസ്ഥതയിലുള്ള ഭൂമി അസാപ്പിന് കൈമാറുകയുണ്ടായി. പ്രസ്തുത ഭൂമിയിൽ നിലനിൽക്കുന്ന ടൈൽ ഫാക്ടറി പൊളിച്ചു നീക്കുവാൻ മൂന്ന് തവണ ടെൻഡർ ക്ഷണിച്ചെങ്കിലും അസസ്മെന്റ് വാല്യൂവിനെക്കാൾ വളരെ കുറഞ്ഞ തുക ക്വാട്ട് (quote) ചെയ്യപ്പെട്ടതിനാൽ പ്രസ്തുത കെട്ടിടം പൊളിച്ചു നീക്കുവാൻ സാധിച്ചിട്ടില്ല.<br><br>മേൽപ്പറഞ്ഞ ഭൂമിയിൽ ഒരു റവന്യൂ റിക്കവറി കേസ് നിലനിൽക്കുന്നതായി പിന്നീട് അറിയാൻ കഴിഞ്ഞതും നിർമ്മാണം തുടങ്ങുന്നതിന് നിയമപരമായി തടസ്സമായി.<br><br>കൂടാതെ അമരവിള സ്കിൽ പാർക്കിന്റെ നടത്തിപ്പിനായി യോഗ്യരായ ഓപ്പറേറ്റിംഗ് പാർട്ണർ ആരും തന്നെ മുന്നോട്ടു വരികയുമുണ്ടായില്ല. |
| ബി) | അസാപ്പ് സ്കിൽ പാർക്ക് പ്രവൃത്തി ആരംഭിക്കുന്നതിന് തടസ്സം എന്തെങ്കിലും ഉള്ളതായി സ്ഥലം എം.എൽ.എ. യുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | ബി) | അമരവിളയിലെ അസാപ് സ്കിൽ പാർക്കിന്റെ നിർമ്മാണം സംബന്ധിച്ച് 12-03-2019-ൽ സ്ഥലം എം.എൽ.എ. യുടെ സാന്നിധ്യത്തിൽ ഒരു യോഗം കൂടുകയും പ്രസ്തുത സ്ഥലത്ത് നിലനിൽക്കുന്ന തടസ്സങ്ങൾ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | അമരവിളയിൽ അസാപ്പ് സ്കിൽ പാർക്ക് സ്ഥാപിക്കുന്നതിന് എത്ര കോടി രൂപയാണ് അനുവദിച്ചത്; ഇതിന്റെ പ്രവൃത്തി 2019 മാർച്ചിനു മുൻപ് ആരംഭിക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ? | സി) | Rs. 14,19,98,376/- (പതിനാല് കോടി പത്തൊൻപത് ലക്ഷത്തി തൊണ്ണൂറ്റിയെട്ടായിരത്തി മുന്നൂറ്റി എഴുപത്തിയാറ്) രൂപയുടെ പദ്ധതിക്കാണ് അനുവാദം നൽകിയത്.<br>അമരവിളയിലെ അസാപ് സ്കിൽ പാർക്കിന്റെ നിർമ്മാണം സംബന്ധിച്ച് 12-03-2019-ൽ സ്ഥലം എം.എൽ.എ.യുടെ സാന്നിധ്യത്തിൽ കൂടിയ യോഗ തീരുമാനപ്രകാരം പ്രസ്തുത സ്ഥലത്ത് നിലവിലുള്ള റവന്യൂ റിക്കവറി സംബന്ധിച്ച വിഷയം സിഡ്കോയുമായി ചർച്ച ചെയ്തു തീർപ്പാക്കുന്നതിനും, പ്രസ്തുത സ്ഥലത്ത് നിലവിലുള്ള ടൈൽ ഫാക്ടറി പൊളിച്ചു നീക്കി സ്ഥലം നിരപ്പാക്കാനുള്ള നടപടികൾ പി.ഡബ്ളിയു.ഡി.യുമായി ചർച്ച ചെയ്ത് നടപടികൾ കൈക്കൊള്ളുന്നതിന് സ്ഥലം എം.എൽ.എ.യുടെ സഹായം തേടാനും ധാരണയായിട്ടുണ്ട്. സ്ഥലം നിരപ്പായും, ബാധ്യത ഒഴിവായും, തക്ക ഓപ്പറേറ്റിംഗ് പാർട്ണറെയും ലഭിക്കുന്ന മുറയ്ക്ക് അസാപ്പിന്റെ രണ്ടാം ഘട്ടത്തിൽ കമ്മ്യൂണിറ്റി സ്കിൽ പാർക്ക് നിർമ്മാണം ആരംഭിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണെന്ന് യോഗത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ